# നാഴികക്കല്ലുകൾ

## (ജീവിതത്തിൽ നിന്നും ചില ഏടുകൾ)

പ്രൊഫസ്സർ : എം.ടി.ആൻറണി, ന്യൂയോർക്ക്





(Antony Chettans daughters and son)

ഇതൊരു ആത്മകഥയല്ല. ഓർമ്മക്കുറിപ്പുകൾ എന്ന് പറയുന്നതും മുഴുവൻ ശരിയാകണമെന്നില്ല. ചരിത്രമോ ചരിത്രാഖ്യായികയോ അല്ല. ഞാൻ ഇത് വരെ കണ്ട ജീവിതത്തെക്കുറിച്ചുള്ള ഒരു ദ്രുക്സാക്ഷി വിവരണമോ അല്ല. കഴിഞ്ഞ കാലത്തിലേക്കുള്ള ഒരു തിരിഞ്ഞ് നോട്ടവുമല്ല. എന്നാൽ ഈ പറഞ്ഞതൊക്കെയാണ്. ഞാനിതിനെ ജീവിതത്തിൽ നിന്നും ചില ഏടുകൾ എന്ന് പേരിടുന്നു. കാരണം ചില ഏടുകൾ കീറിപോയിട്ടുണ്ടാകും. അല്ലെങ്കിൽ ഞാൻ തന്നെ അത് നഷ്ടപ്പെടുത്തിക്കാണും. പൂർണ്ണമായും സത്യസന്ധമായി പറയുന്ന ഏടുകൾ കൂട്ടി വച്ച് വായനക്കാർക്കായി കാഴ്ച്ച വക്കുന്ന ഒരു കലാസ്രുഷ്ടിക്ക് ജീവിതത്തിൽ നിന്നും ചില ഏടുകൾ എന്ന പ്രയോഗമായിരിക്കും ഉചിതം.

ഞാൻ നടന്നു വന്ന വഴികൾ ഒക്കെ മാറിപ്പോയി. എന്നാൽ അവയിലെല്ലാം എൻെറ ഒരു സാന്നിധ്യമുണ്ടെന്ന് ഞാൻ അവകാശപ്പെടുന്നു. ഇതിലൂടെ ഒരു കാലഘട്ടത്തിൻെറ കഥകൾ ചുരുൾ നിവർത്തുന്നതിനോടൊപ്പം തന്നെ പുതു തലമുറക്ക് മനസ്സിലാക്കാൻ വളരെ കാര്യങ്ങൾ ഉണ്ടാകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

കാലം ഇനിയും മാച്ച് കളയാത്ത ഭൂതകാലത്തിൻെറ കാൽപ്പാടുകൾ ഒത്തിരി ഓർമ്മകളെ ഉണർത്തുന്നുണ്ട്. വാസ്തവത്തിൽ തെളിഞ്ഞ് കിടക്കുന്ന പാടുകളെക്കാൾ മാഞ്ഞു പോയ പാദമുദ്രകൾ വീണ്ടും മനസ്സിൽ കണ്ട് ആ ഓർമ്മകൾ വിസ്മയം കൊള്ളുകയാണു. ഒരു പ്രായം കഴിഞ്ഞാൽ മനുഷ്യമനസ്സ്, കുറച്ച്കൂടി വ്യകതമായി പറഞ്ഞാൽ ജോലിയിൽ നിന്നും വിരമിച്ച് വിശ്രമം ജീവിതം നയിക്കുമ്പോൾ വടക്കു

നോക്കി യന്ത്രത്തെപോലെ ഒരു ദിശയിലേക്ക് മാത്രം നോക്കാനുള്ള ഒരു വ്യഗ്രത അല്ലെങ്കിൽ അക്ഷമത പ്രകടിപ്പിക്കും. മനസ്സിന്റെ അത്തരം മായികവലയങ്ങളിൽപെട്ടു പോകുമ്പോൾ ബാല്യവും കൗമാരവും യൗവ്വനവും പുഞ്ചിരിച്ച്കൊണ്ട് എന്നെ ആശ്ലേഷിക്കുന്നു. അനുഭൂതിദായകമായ ആ നിമിഷങ്ങൾ ഒരു ചിത്രശലഭത്തെപോലെ എനിക്ക് ചുറ്റും വട്ടമിട്ട് പറക്കും.അപ്പോൾ ഒരു കുഞ്ഞിന്റെ കൗതകത്തോടെ ഞാൻ അവക്ക് പുറകെ ഓടുന്നു. അപ്പോൾ ഒരു പൂക്കാലം മുഴുവൻ നൽകിയ സുഗന്ധം, ഒരു ഗ്രീഷ്മത്തിന്റെ ഉഷ്ണവും അതിൽ പറ്റിപിടിച്ച സ്വേദകണങ്ങളും, ശിശിരകുളിരും, വർഷ മേഘങ്ങളും എനിക്കഭിവാദനം നൽകി ഒതുങ്ങി നിൽക്കുന്നു. ഞാൻ എന്തു ചെയ്യേണ്ടുവെന്ന് പരിഭ്രമിക്കുന്നു. അപ്പോൾ ഒരു പ്രവാഹം പോലെ അക്ഷരങ്ങൾ ഒഴുകിവരികയാണു. എന്തെല്ലം കഥകൾ, എന്തെല്ലാം വിശേഷങ്ങൾ കവിഞ്ഞൊഴുകുന്നു. വിശ്രമജീവിതത്തിന്റെ ഈ പ്രശാന്ത തീരങ്ങളിൽ കൂടി പിന്നിൽ കയ്യുംകെട്ടി ഇങ്ങനെ ഉലാത്തുമ്പോൾ ഞാനനുഭവിക്കുന്ന നിർവ്രുതി പ്രിയപ്പെട്ടവരുമായി പങ്കിടുക മാത്രമാണു ഈ കുറിപ്പുകളുടെ ഉദ്ദേശ്യം.

ജീവിതം മടക്കമില്ലാത്ത ഒരു യാത്രയാണ്. നമ്മളുടെ പ്രയാണം മുന്നോട്ടാണ്. യൗവ്വനത്തിന്റെ നെട്ടോട്ടത്തിൽ എപ്പോഴും ഭാവി എന്ന മരീചികയെ എത്തിപ്പിടിക്കാനുള്ള കുതിപ്പാണ് നമ്മൾക്ക്. അപ്പോൾ നമ്മൾ വർത്തമാനത്തിൽ ജീവിക്കുന്നില്ല. ഭൂത കാലത്തെ പുറംതള്ളികൊണ്ട് മുന്നോട്ടുള്ള ഗമനം. അതിനു ഒരു വേഗത കുറയുന്നത് വിശ്രമകാലത്താണ്. അപ്പോൾ മുന്നോട്ടുള്ള ഗമനത്തെക്കാൾ പുറകോട്ടുള്ള ഒരു നോട്ടം ഹ്രുദയവർജ്ജകമാകുന്നു. ഭൂതകാലത്തിന്റെ മനോഹാരിത കൂടുതൽ അനുഭവപ്പെടുന്നു. ഒരു പക്ഷെ ഇപ്പോൾ തിരിഞ്ഞ് നോക്കുമ്പോൾ അന്നത്തെ പല സംഭവങ്ങളും എത്രയോ ഹ്രുദ്യമായി തോന്നുന്നു. എന്നാൽ അന്നു അത് ശരിക്കും ആസ്വദിച്ചോ? അറിഞ്ഞുകൂട. അവയെല്ലാം ഒന്നയവിറക്കാൻ അക്ഷരങ്ങളുടെ വാഹനം ഞാൻ ഒന്ന് ഓടിച്ച് നോക്കട്ടെ.

ഇങ്ങനെയൊരു സംരംഭത്തിനു എന്നെ പ്രേരിപ്പിച്ചത് എന്റെ പ്രിയതമയാണ്. സുഖത്തിലും ദുഃഖത്തിലും എനിക്ക് താങ്ങായി നാളിത് വരെ കൂട്ടായി നിൽക്കുന്ന അമ്മിണി. (ഡോക്ടർ തെരെസ ആൻറണി). അവർ ഞാൻ പോലുമറിയാതെ സുധീറുമായി ഇതെപ്പറ്റി സംസാരിച്ചിരുന്നു. എന്നെപോലെ തന്നെ എത്രയോ ലക്ഷം വിദ്യാർഥികൾക്ക് വിജ്ഞാനത്തിന്റെ പ്രകാശം അവർ നൽകി. ഇപ്പോഴും ദിവ്യമായ ആ കർമ്മത്തിൽ പൂർണ്ണനിരതയാണവർ. അദ്ധ്യാപന ജീവിതത്തിൽ നിന്നും അമ്മിണിക്ക് വിരമിക്കാൻ മനസ്സു വരുന്നില്ല. വിദ്യ എന്ന ധനം കയ്യിൽ വച്ചിരിക്കാനുള്ളതല്ല അത് പകർന്നുകൊണ്ടേയിരിക്കണമെന്ന് വിശ്വസിക്കുന്ന ഒരു ഉത്തമ അദ്ധ്യാപികയായി ഞാൻ എന്റെ സഹധർമ്മിണിയെ കണക്കാക്കുന്നു. അപ്പോൾ പിന്നെ അവരുടെ നിർദ്ദേശം പരിഗണിക്കേണ്ടതുണ്ട്. എന്റെ ജീവിതത്തിലെ ഏടുകൾ നൽകുന്ന അറിവു ആർക്കെങ്കിലും പ്രയോജനമാകുന്നെങ്കിൽ അത് എത്രയൊ സന്തോഷമുള്ള കാര്യമാണു. എന്റെ ഈ ശ്രമം എത്രമാത്രം വിജയം കാണുമെന്ന് എനിക്ക് പറയാൻ പ്രയാസമാണു. എങ്കിലും ഞാൻ പരമാവുധി ശ്രമിക്കും.

അമ്മിണിയുടെ പ്രചോദനവും സഹകരണവും എനിക്ക് സഹായകമാകുമെന്ന ഉറപ്പ് എൻെറ സിരകളെ ഉണർത്തുന്നു. ഇത് അവരുടെയും, ദൈവം ഞങ്ങളെ അനുഗ്രഹിച്ച് നൽകിയ മൂന്നു സന്താനങ്ങളുടേയും വിശേഷങ്ങൾ ഉൾകൊള്ളുന്നതാണ്. കൂടാതെ ജീവിതത്തിൽ കണ്ടു മുട്ടിയ എത്രയോ വ്യക്തികൾ, സ്ഥലങ്ങൾ, സംഭവങ്ങൾ. ഒരു ഭൂഖണ്ഡത്തിൽ ജനിച്ച് വേറൊരു വൻകരയിൽ ജീവിതത്തിൻെറ സിംഹഭാഗവും കഴിച്ച്കൊണ്ടിരിക്കുന്ന എനിക്ക് എൻ്റെ ഓർമ്മകളെ എവിടെ നിന്നു ആരംഭിക്കണമെന്നുള്ള കാര്യത്തിൽ ശങ്കയൊന്നുമില്ല. അതെൻെറ ജന്മഭൂമിയിൽ നിന്നു തന്നെ. കേരളത്തിൻെറ സാംസ്കാരിക കേന്ദ്രം എന്നറിയപ്പെടുന്ന ത്രുശ്ശൂരിൽ നിന്ന്. പൂരങ്ങളുടെ നാടായ, സംഭാഷണത്തിൽ എപ്പോഴും നർമ്മം നിറക്കുന്നവരുടെ നാടായ ത്രുശ്ശൂരിലേക്ക് പ്രിയ വായനക്കാരെ ഞാൻ കൊണ്ടുപോകട്ടെ.

## (തയ്യാറാക്കിയത് സുധീർ പണിക്കവീട്ടിൽ)

(തുടരും)